

# നിറച്ചാർത്ത്





**രാമവിലാസം എച്ച് എസ് - ചൊക്ലി**

**ലിറ്റിൽകൈറ്റ്സ് ഡിജിറ്റൽ മാഗസിൻ**


2023 - 2024

ലിറ്റിൽകൈറ്റ്സ് രാമവിലാസം

# UNENDING SOURCE OF INSPIRATION



SREE KOTTAYIL KRISHNAN MASTER
FOUNDER MANAGER



SREE C K BALAN MASTER
FORMER MANAGER

# TRIBUTE



SMT. K P SAROJINI
FORMER MANAGER

# സാരഥികൾ



SREE K MANOJ KUMAR
MANAGER



SMT.  C P SREEJA
PRINCIPAL




SREE  PRADEEP KINATHI
HEADMASTER

# എഡിറ്റോറിയൽ ...

നി റ ച്ചാ ർ ത്ത്

ചീഫ് എഡിറ്റർ
**പ്രദീപ് കിനാത്തിമാസ്റ്റർ**



സ്റ്റാഫ് എഡിറ്റർ
**റിൻസി ഷിജിത്ത്**









**ലിഷ വി എ**

**സജിത പി**

**സുനേഷ് മനയിൽ**

# എഡിറ്റോറിയൽ ...



സ്റ്റുഡന്റ് എഡിറ്റർ
**അമൻ കെ ആഷിക്**



**മുഹമ്മദ് മുനീർ**



**മുഹമ്മദ് ഇൽഹാൻ**



**മുഹമ്മദ് ഹയാൻ ഇജാസ്**



**ഷിയോഗ ദേവ് പ്ലാബി**



**ആർച്ച കക്കാട്ട്**


little KITEs
ലിറ്റിൽ കൈറ്റ്സ്
ഹൈടെക് വിദ്യാലയങ്ങളിലെ
കുട്ടികളുടെ
ഐ.ടി കൂട്ടായ്മ

# ലിറ്റിൽകൈറ്റ്സ്
# രാമവിലാസം യൂണിറ്റ്




**2023-2024**






പറയട്ടെ ,

നമുക്കിനി
നല്ലമനസ്സുകളിൽ
നല്ല വാക്കുകൾ
നിറച്ച്
പൂന്തോട്ടങ്ങൾ
തീർക്കാം ...
അവിടെ
മധുപാനം
ചെയ്യുന്ന
ചിത്രശലഭങ്ങൾ
ഉല്ലസിച്ചു
പറക്കട്ടെ ...

# അറ്റുപോകാതെ നീറ്റലുകൾ  വായന




സജിത പി

പ്രൊഫ.ടി. ജെ ജോസഫിന്റെ അറ്റുപോകാത്ത ഓർമ്മകൾ കഴിഞ്ഞ മാസമാണ് വായിക്കുന്നത് . 2010 ൽ ചോദ്യപേപ്പർ വിവാദത്തെ തുടർന്ന് മതമൗലികവാദികളുടെ ആക്രമണത്തിനിരയായി കൈപ്പത്തി വെട്ടിമാറ്റപ്പെട്ട പ്രൊഫസർ ടി. ജെ. ജോസഫിന്റെ ആത്മകഥയാണ് അറ്റുപോകാത്ത ഓർമ്മകൾ .അതിഭീകരാം വിധം ശരീരത്തിലും മനസ്സിലും ജീവിതത്തിലും ചതവും മുറിവുമേറ്റ ഒരാളുടെ ഔർമ്മ പുസ്തകമാണിത്.

അക്ഷരങ്ങളുടെ പേരിൽ, ആശയങ്ങളുടെ പേരിൽ അധ്യാപക ജീവിതത്തിലും കുടുംബ ജീവിതത്തിലും സാമൂഹ്യ ജീവിതത്തിലും അനുഭവിക്കേണ്ടി വന്ന നോവുകളാണ് ഇനി ഒരിക്കലും മറക്കാത്ത ഓർമമകളായി പുസ്തകത്തിൽ അടയാളപ്പെടുത്തിയിരിക്കുന്നത്.

രണ്ടു ഭാഗങ്ങളായിട്ടാണ് പുസ്തകം എഴുതിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ ഒരു ചോദ്യം എങ്ങനെയാണ് ജോസഫ് മാഷുടെ ജീവിതത്തെ മാറിമറിച്ചത് എന്ന ചോര കിനിയുന്ന അനുഭവങ്ങളെ സാക്ഷ്യപ്പെടുത്തുന്നു. രണ്ടാമത്തെ ഭാഗത്തിൽ വിവിധ കാലഘട്ടങ്ങളിൽ അദ്ദേഹത്തിന്റ ജീവിതത്തിലെ അനുഭവങ്ങൾ  വിവരിക്കുന്നു. അതിത്രീവ ദുഃഖാനുഭവത്തെക്കുറിച്ച് പറയുമ്പോഴും നേരിയ നർമ്മത്തിന്റെ മെമ്പൊടി ചേർത്താണ് അവതരിപ്പിച്ചിരിക്കുന്നത്.

അനുഭവങ്ങൾ കൊണ്ട് മരവിച്ച മനസ്സിന്റെ ഉടമയായി മാറിയ മനുഷ്യൻ നിസ്സഹായതയുടെ പടുകുഴിയിലേക്ക് ആഴ്ന്നു  പോയ അദ്ദേഹത്തെ സംരക്ഷിക്കേണ്ടവർ തന്നെ ഉപേക്ഷിക്കുന്നതിന്റെ വേദന കൂടി അനുഭവിപ്പിക്കുന്നു. ഒപ്പം നിൽക്കേണ്ടവർ ഒറ്റുകാരാകുന്ന ദുരവസ്ഥ.... ദുരന്തങ്ങൾ പെരുമഴയായി പെയ്തിറങ്ങുന്നത് കണ്ട് നിസ്സഹായതയുടെ നിസ്സംഗതയിലേക്ക് വീണുപോയഒരു കുടുംബത്തിന്റെ അവസ്ഥ.....




അദ്ദേഹം ഈ പുസ്തകം സമർപ്പിച്ചിരിക്കുന്നത് ഭാര്യ സലോമിക്കാണ്. മതം ഇല്ലായിരുന്നെങ്കിൽ എന്ന് ആകുലപ്പെട്ട ഭർത്താവിന്റെ ജീവിതം മാറ്റിമറിച്ച സംഭവങ്ങൾ ഏൽപ്പിച്ച ആഘാതം സലോമിക്ക് താങ്ങാവുന്നതിലപ്പുറമായിരുന്നു. അവസ്ഥയെ അതിജീവിക്കാനാതെ വിഷാദ രോഗത്തിലേക്ക് വീണുപോയ സലോമിയുടെ ആത്മഹത്യയെ കുറ്റബോധത്തോടെ മാത്രമേ മനുഷ്യർക്ക് ഓർക്കാൻ കഴിയൂ .

ജീവിതത്തിൽ ഏറ്റ മുറിവുകളെ ലാഘവത്തോടെയാണ് ജോസഫ് മാഷ് വിവരിക്കുന്നത്. പക്ഷേ ആത്മാവിൽ മുറിവേൽപ്പിച്ചു കൊണ്ടു മാത്രമേ വായനക്കാരന് അദ്ദേഹത്തിന്റെ അനുഭവത്തിലൂടെ  കടന്നുപോകാൻ കഴിയൂ....

മനസ്സിൽ ഉണങ്ങാത്ത അനേകം പൊള്ളൽ പാടുകളുമായി, തുന്നിക്കൂട്ടിയ ശരീരഭാഗങ്ങളുമായി, നല്ല പാതിയുതെ വിയോഗ വ്യഥയും പേറി ജോസഫ് മാഷ് ഇനിയും ജീവിക്കണം.... ദുഃഖത്തിന്റെ സൂര്യ ശില പോലെ ...

സജിത. പി

---



# ചില മണങ്ങൾ

സ്മിതജയരാജൻ

ഇരുട്ട് നല്ലും
തോട്ടിൻ ചെരിവിലേക്ക്
ഇടംകണ്ണിട്ട് നോക്കും
അമ്പിളിച്ചാത്താ
ഞാൻ
കുളിച്ചീറനായ്
കയറുമ്പോൾ
വാരി വിതറിയതാരാണീ
പാലപ്പൂ മണം
വയൽ വരമ്പിൽ നിന്ന്
പുര വഴി പൂക്കുമ്പോൾ
നീട്ടിയതാരാണ്
മുല്ലപ്പൂ കൈകൾ
അറിഞ്ഞവഴിയെ
കൊഴിഞ്ഞ കൗമാരം
കണ്ണാടി നോക്കുന്ന
യൗവ്വനത്തിൽ
മരമറവിൽ
കുളപ്പടവിൽ
ഇടവഴിപ്പെരുക്കങ്ങളിൽ
ചൂളം വിളിയൊച്ചയാൽ
അറിയുന്ന ഞാൻ പ്രണയമെ
നിൻ മിഴികളിൽ
ചുട്ട നെയ്യപ്പം

# ജീവിതം



ജയതിലകൻ പി

പറയുവാൻ വരികൾ കടമെടുത്തു .

വാക്കുകളൊക്കെയും മറന്നു...
ഒരു നേർത്ത വിതുമ്പലിൽ
ഇട മുറിഞ്ഞു പോയ വാചകങ്ങൾ
കാലചക്രത്തിന്റെ ഗതിവിഗതികൾ
ഒന്നൊന്നായി മറയുമ്പോഴും
മനസ്സിൽ അടക്കാത്ത
നൊമ്പരമാണ്



# ഒരു സെന്റോഫ്



അജേഷ് ആർ


പറയുവാൻ വരികൾ കടമെടുത്തു
വാക്കുകളൊക്കെയും മറന്നു
ഒരു നേർത്ത വിതുമ്പലിൽ
ഇടമുറിഞ്ഞുപോയ വാചകങ്ങൾ
കാലചക്രത്തിന്റെ ഗതിവിഗതികൾ
ഒന്നൊന്നായി മറയുമ്പോഴും
മനസ്സിൽ അടക്കാത്ത നൊമ്പരമാണ്
എത്ര വേഗം ദിനരാത്രങ്ങൾ
കൊഴിഞ്ഞുപോകുന്നുവെന്ന്
പാഠങ്ങൾ തല്ലിയും തലോടിയും
പഠിപ്പിച്ചവരൊക്കെയും
പൊയ്ക്കൊണ്ടേയിരിക്കുന്നു.
നമ്മളും ഈ പടിവാതിലിൽ ഇനിയെത്ര നാൾ ...





അഷിൻ ഷൈജു

# സ്നേഹം



ഒരു ദിവസം സ്കൂളിൽ ഓണപരിപാടി കഴിഞ്ഞ് തിരിച്ചുപോകാൻ നോക്കുമ്പോൾ ഞാൻ ഒരു കുട്ടിയെ കണ്ടു . ഒരു മാലാഖയെ പോലെയായിരുന്നു അവൾ . എനിക്ക് കണ്ടപ്പോൾ തന്നെ ഇഷ്ടപ്പെട്ടു . ഞാൻ ആ കുട്ടിയെ കുറേനേരം നോക്കി നിന്നു . കണ്ണ് എടുക്കാൻ പോലും ആവാതെ ഞാൻ അവിടെ നിന്നുപോയി . ആ നിമിഷം എനിക്ക് ജീവിതത്തിൽ മറക്കാൻ കഴിയാത്ത ഒന്നായിരുന്നു . ഓണത്തിന് സ്കൂൾ പൂട്ടിയപ്പോൾ ആ പെൺ കുട്ടിയായിരുന്നു എന്റെ മനസ്സിൽ . സ്കൂൾ തുറന്നപ്പോൾ ആ പെൺ കുട്ടിയോട് ഞാൻ എന്റെ ഇഷ്ടം പറഞ്ഞു . പക്ഷേ ഞാൻ നേരിട്ടല്ല പറഞ്ഞത് എന്റെ സുഹൃത്താണ് അവളോട് പറഞ്ഞത് . അവൾ അത് നിരസിച്ചു . എന്നാലും എനിക്ക് പെൺകുട്ടിയോട് ജിവനതുല്യം സ്നേഹമായിരുന്നു . എന്റെ അമ്മ കഴിഞ്ഞാൽ എനിക്ക് അവളായിരുന്നു എല്ലാം . അങ്ങനെ എല്ലാ ദിവസവും അവളെ കാണാൻ അവളുടെ ക്ലാസിന് മുമ്പിൽ പോയി നിക്കും . ഞാൻ അവളുടെ പുറകെ നടന്നു . എനിക്ക് അവളെ മറക്കാൻ ആവുന്നില്ല . അവൾക്ക് രണ്ട്
ചങ്ങാതിമാരുണ്ടായിരുന്നു . അവർക്ക് അവളെ പണ്ടുതൊട്ടെ അറിയാമായിരുന്നു . പി .ടി പിരിയഡിന് കളിക്കാൻ പോലും പോവാതെ അവളെ ഞാൻ നോക്കി നിന്നു . അവൾ രണ്ടു വശവും മുടി കെട്ടാറുണ്ടായിരുന്നു . എനിക്ക് അവളെ വളരെ അധികം ഇഷ്ടമായിരുന്നു പക്ഷേ ആ സ്നേഹം അവൾ തിരിച്ചറിഞ്ഞില്ല . അവളോട് ഞാൻ എന്റെ ഇഷ്ടം വീണ്ടും തുറന്നു പറഞ്ഞു പക്ഷേ ഇപ്രാവശ്യം ഞാൻ അവളോട് നേരിട്ടാണ് പറഞ്ഞത് . ഇപ്രാവശ്യവും നിരസ്സിക്കും എന്ന് ഞാൻ വിചാരിച്ചു . പക്ഷേ ഒരു ചെറുപുഞ്ചിരിയോടു കൂടെ അവൾ എന്നെ നോക്കി കൊണ്ടു പോയി .



ഋതുദേവ്

# അമ്മയുടെ സ്നേഹം

ഒരു ഗ്രാമത്തിലെ കൊച്ചു വീട്ടിൽ നാലാളുകളുണ്ടായിരുന്നു. അച്ഛനും അമ്മയും രണ്ടു മക്കളുമായിരുന്നു. മക്കൾ ചെറുതായിരുന്നപ്പോൾ തന്നെ അച്ഛൻ മരണപ്പെട്ടായിരുന്നു. അത് കൊണ്ട് തന്നെ അവരുടെ ജീവിതം വളരെ ദാരിദ്ര്യം നിറഞ്ഞതായിരുന്നു. അമ്മ വളരെ കഷ്ടപ്പെട്ടു മക്കളെ വളർത്തി. ഒരു ദിവസം അമ്മയ്ക്ക് പെട്ടെന്ന് അസുഖം വന്ന് കിടപ്പിലായി. മക്കൾ അമ്മയെ ആശുപത്രിയിൽ എത്തിച്ചു. പക്ഷെ പണം ഇല്ലാതെ അമ്മയെ ചികിത്സിക്കാൻ സാധ്യമല്ലെന്ന് ഡോക്ടർ പറഞ്ഞു. അത് കേട്ടപ്പോൾ കുട്ടികൾ അവരുടെ കൈയിലുള്ള നാണയ തുട്ടുകൾ ഡോക്ടറുടെ മുമ്പിൽ വെച്ച് പറഞ്ഞു അമ്മയെ രക്ഷിക്കണമെന്ന് കേണപേക്ഷിച്ചു. അമ്മയോടുള്ള മക്കളുടെ നിർലോഭമായ സ്നേഹം കണ്ടു അദ്ദേഹത്തിന്റെ കണ്ണു നിറഞ്ഞു. അദ്ദേഹം അമ്മയ്ക്ക് വേണ്ട [illegible]




1. മാനം തൊടും മനുഷ്യൻ
   മറവിയിൽ മറയില്ല
2. മനനം ചെയ്യുക
   മനസ്സിൽ തിരി തെളിയിക്കുക
3. അന്യന്റെ വേദന അറിയുന്നവൻ
   ആകാശത്തോളമുയരും
   അന്യനെ അറിയാത്തവൻ
   അഹത്തിയിലമരും
4. തളർന്നവന് തണലാവുക
   വളർന്നു വരാൻ താങ്ങാവുക

നന്മയുള്ളിൽ വളർത്തിയെടുക്കുകിൽ
നല്ല നാൾ വരും നിശ്ചയമോർക്കുക

മനസ്സ് പൂത്തുലഞ്ഞാൽ
മനമാകെ മാറും

സ്നേഹം കൊടുത്താലിരട്ടി കിട്ടും സ്നേഹിച്ചിരട്ടിയായി നേടുക നാം

മനസ്സൊരു മലർവാടിയാക്കി മാറ്റൂ
മനുഷ്യ സ്നേഹത്തിൽ ആനന്ദമേകൂ

നാവ് പൂവാക്കിയാൽ നോവ് മാറ്റിയിടാം

മനം കുളിർത്താൽ തനുതളിർക്കും

നമ്മളുറങ്ങിയാൽ നാട്ടുമുറങ്ങും
നമ്മളുണർന്നാൽ നാട്ടുമുണരും

മനസ്സു തൊട്ടു പോയവർ
മറിയുകില്ല മറവിയിൽ

ഇന്നലത്തെ തോർത്തു കരയാതെ
നാളെ കുറിച്ചോർത്തു നടക്കുക

# ഉരുകിത്തിരുന്നവർക്ക്



സുനേഷ് മനയിൽ


ഉരുകിയെരിഞ്ഞെന്നും
പകരും വെളിച്ചത്തിൽ
കതിരിട്ട സ്വപ്നങ്ങൾ
പതിരായി മാറാതെ
വിരിയിച്ചെടുത്തവർ
പറയാതെ പറയുന്ന
മിഴികളിൽ തെളിയുന്ന
ഒളിയത് കാണുമ്പോൾ
ഉയിരല്പമെങ്കിലും
തീരാതെ തീരാതെ
തിരിനാളമായെന്നും
കരുതലിൽ നിറവാകാൻ
കൊതി കൊള്ളു മുള്ളുള്ള
ജന്മങ്ങൾ , നമ്മൾക്ക്,
ഉയിർ കത്തിയേകുന്ന
വെട്ട് തിരിച്ചറിഞ്ഞീടുക
നട്ടുവൊടിഞ്ഞെങ്കിലും
നരവളർന്നെങ്കിലും
നമുക്കവർ തന്നൊരാ
നിറമുള്ള സ്നേഹത്തിൽ
നറുമണപ്പൂങ്കുല
വസന്തമായി മാറ്റി നാം
തിരിച്ചെന്നും കൊടുക്കുക,
ഹൃദയത്തിൽ ചേർക്കുക.
അവർ കണ്ട കവനവകൾ -
കടിത്തറ പണിതിട്ട്
അതിന്മേലുയർത്തുക
അതി നവ ജീവിതം
അതു കണ്ടി , ട്ടുരുകുന്ന
അകം വേഗം തണുക്കട്ടെ
അതിലാകെ നിറയട്ടെ
അതുല്യമാം പുതുവെട്ടം !




# സ്കൂൾ പാർലമെന്റ് ഇലക്ഷൻ - 2024

## ഭാരവാഹികൾ


ആഷ്ന കെ രാജ്


മുഹമ്മദ് വി പി


ഫാത്തിമത്ത് സഹറ


ശ്രീഹരി എ



നിയുക്ത ഇ എം


മുഹമ്മദ് ജിനാൻ സാജിദ്




നിഹാര എം കെ


അഭിനന്ദ് അശോക്


സെൻഹ ജെ ആർ


വിഷ്ണു ടി പി

ചെയർ പേഴ്സൺ ആഷ്ന കെ രാജ് (S2C), വൈസ് ചെയർമാൻ മുഹമ്മദ് വി പി ( X G),സെക്രട്ടറി ഫാത്തിമത്ത് സഹറ( X H) , ജോ.സെക്രട്ടറി ശ്രീഹരി എ ( CS1) , കലാവേദി സെക്രട്ടറി നിയുക്ത ഇ എം ( S1A), കലാവേദി ജോ.സെക്രട്ടറി മുഹമ്മദ് ജിനാൻ സാജിദ്( X I) , സാഹിത്യവേദി സെക്രട്ടറി നിഹാര എം കെ ( XD), സാഹിത്യവേദി ജോ.സെക്രട്ടറിഅഭിനന്ദ് അശോക്( COM2)ൻ , കായികവേദി സെക്രട്ടറി സെൻഹ ജെ ആർ ( S1C), കായികവേദി ജോ. സെക്രട്ടറി വിഷ്ണു ടി പി( XA)

## ഇവിടെ പരീക്ഷകൾ

## ഉത്സവങ്ങൾ ...




എൽ എസ് എസ് ശില്പശാല ഉദ്ഘാടനം വിദ്യാലയഹെഡ്മാസ്റ്റർ ശ്രീ പ്രദീപ്കിനാത്തി മാസ്റ്റർ നിർവ്വഹിച്ചപ്പോൾ










Munnar
WONDERLA
RACHANA
RVHSS,CHOKLI
യാത്ര - 2023 - 24
1/7/24
4:46 PM



# ദീപ്തം 2024

## യാത്രയയപ്പും വാർഷികാഘോഷവും

## രാമവിലാസം ഹയർ സെക്കന്ററി സ്കൂൾ - ചൊക്ലി


2024 ഫെബ്രുവരി 12 തിങ്കൾ **10 A M**


ശ്രീമതി ശ്രീജ സി പി


ശ്രീ പ്രദീപ് കമാർ കെ


ശ്രീമതി രജിത കെ


ശ്രീ ഷിബിലാൽ കെ


ശ്രീ ജയതിലകൻ പി


ശ്രീ സുരേന്ദ്രൻ പി കെ

ആത്മസമർപ്പണത്തിന്റെ
സുദീർഘമായസേവനകാലം
പൂർണ്ണമാക്കി
വിദ്യാലയത്തിൽ നിന്നും
പടിയിറങ്ങുന്ന
പ്രിയ ഗുരുവരന്മാർക്ക്

## യാത്രയയപ്പ്

## സ്കൂൾ വാർഷികം - 2023 - 2024

വിവിധ കലാപരിപാടികൾ

ഉദ്ഘാടനം


ശ്രീ കെ മുരളീധരൻ
എം പി വടകര

മുഖ്യപ്രഭാഷണം


ശ്രീ രമേഷ് കാവിൽ



സന്ദർശനം



# അഭിനന്ദനങ്ങൾ...

കരിയാട് വച്ചു നടന്ന ചൊക്ലി സബ്ജില്ലാ
വോളിബോൾ ജൂനിയർ ബോയ്സ്
വിഭാഗത്തിൽ രാമവിലാസം HSS
ചാമ്പ്യന്മാർ





നന്മ പൂത്തു പരിമളം ചാർത്തി
പുഞ്ചിരിയായ് വിളങ്ങട്ടെ വിശ്വം





# രാമവിലാസത്തിൽ

മലയാളത്തിന്റെ കുലപതി

# എം ടി

## നവതിയാഘോഷം



എം ടി വാസുദേവൻ നായരുടെ നവതിയാഘോഷത്തോടനുബന്ധിച്ച് രാമവിലാസം ഹയർ സെക്കന്ററി സ്കൂളിൽ സാഹിത്യ സദസ്സ് സംഘടിപ്പിച്ചു. 'എം ടി. മലയാള സാഹിത്യത്തറവാടിന്റെ കാരണവർ ' – എന്ന വിഷയത്തിൽ എം ടി -യുടെ സാഹിത്യ ലോകത്തെ പരിചയപ്പെടുത്തി ആമുഖഭാഷണം നടത്തി. വിദ്യാർഥികൾ 'പള്ളിവാളും കാൽച്ചിലമ്പും ' , ' പട്ടു കുപ്പായം ' , 'ഷെർലക്ക് ' – എന്നീ കഥാവതരണം നടത്തി . തുടർന്ന് ആസ്വാദനം . 'മഞ്ഞ്', 'നാലുകെട്ട് ' , 'കാലം' , 'പള്ളിവാളും കാൽച്ചിലമ്പും ' , 'രണ്ടാമൂഴം' – എന്നീ കൃതികൾക്ക് വിദ്യാർഥികളുടെ വ്യത്യസ്തതയുള്ള വായന സദസ്സിന് ഹൃദ്യാനുഭവമായി . അധ്യാപകരായ ശ്രീ സുനേഷ് മലയിൽ, ശ്രീ രാജേഷ് കെ , സംസ്കൃതാധ്യാപകൻ ശ്രീ സി ആർ ശ്രീകുമാർ , ശ്രീമതി സിന്ധു , ശ്രീമതി സജിത പി , ശ്രീമതി ജിസ്ന എന്നിവർ സാഹിത്യ സദസ്സിൽ സംവദിച്ചു.

തുടർന്ന് എം ടി കൃതികളുമായി ബന്ധപ്പെട്ട സാഹിത്യക്വിസ് നടന്നു. എട്ടാം തരം ഐ – ഡിവിഷനിലെ പൂജ വിജേഷ് ഒന്നാം സ്ഥാനം നേടി. എട്ടാം തരം ജെ -യിലെ ഷിസ ഫാത്തിമ രണ്ടാം സ്ഥാനവും , ഒൻപതാം തരം ജെ- യിലെ സിദിയ ഷിബു മൂന്നാം സ്ഥാനവും നേടി.




അ
മ്മ
മ
ല
യാ
ളം



# അഴികൾക്കപ്പുറം ...

പൂമ്പാറ്റയൊന്നൊരു ശൈശവമായ്
കുസൃതിയുടുപ്പിട്ടു ബാല്യമായി
പിന്നൊരുനാളിൽ കുറുമ്പിനൊപ്പം
തന്നിഷ്ടം ചേർന്നു കൗമാരമെത്തി
ആകാശം നീല മിഴികളായി
സന്ധ്യ ചുവന്ന കവിളുമായി
പുഞ്ചവയലിലെ പച്ച ചേർന്ന
പട്ടുപാവാട ത്തിളക്കമായി
നക്ഷത്രം സ്വപ്നനിലാവലയായ്
മയിൽതാളനൃത്തച്ചുവടുണരെ
കാണാച്ചരടിന്റെ ക്രൂട്ടിലായി
നാദം പൊഴിയാ കിളിമകളായ്
താളം മുഴങ്ങാച്ചിലങ്കയായി
തേടുകയാണാ തടവുപുള്ളി
ക്രൂടുതുറക്കുന്ന സൗഹൃദങ്ങൾ
പുതിയൊരാകാശവും പുൽപ്പരപ്പും
ആനന്ദനർത്തന വേദിയാക്കാൻ ...

നേർമൊഴി



ഓർമ്മകളുടെ കൊട്ടാരം
ശൂന്യതയിലാണ്.
മെഴുകുതിരിയുടെ
ഉരുകിത്തീർന്ന
ഇല്ലായ്മപോലെ
ഒരു പേന
മയങ്ങിക്കിടക്കുന്ന
മധുരതരമായ
ഓർമ്മകളെ തന്നിലെ
എഴുതിത്തീർന്ന
ശൂന്യതയിൽ
കാത്തുവയ്ക്കും.
അവിടെക്കിടന്നവ
സ്വപ്നങ്ങളെ
തൊടും . നിലാവും
നക്ഷത്രങ്ങളുമായി
ആകാശം അവയെ
തഴുകും . അപ്പോൾ
ജീവിതം വർണ്ണവസന്തം
പൂകും.